സർഫാസി നിയമം

142 (1968) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർഫാസി നിയമപ്രകാരം ജനങ്ങളെ കബളിപ്പിക്കുന്ന സംഘം പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇത്തരം പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത നിയമപ്രകാരം കിടപ്പാടം നഷ്ടപ്പെട്ടവർ നടത്തിവരുന്ന സമരം ഒത്തുതീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നിയമപ്രകാരം ജപ്തി നടപടികൾക്ക് വിധേയരായവർക്ക് പണം തിരിച്ചടവിനുള്ള സമയപരിധി നൽകിക്കൊണ്ട് ജപ്തി നടപടിയിൽനിന്നും ഇളവ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വ്യക്തിപരമായ പരാതികളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ ബഹുമാനപ്പെട്ട പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷന്റെ പരിഗണനയിലിരിക്കുന്ന ഒൻപത് കേസ്സുകൾ സംബന്ധിച്ച വിവരങ്ങൾ കമ്മീഷൻ മുഖാന്തരം ലഭിച്ചിട്ടുണ്ട്. അതിന്മേൽ കമ്മീഷന്റെ ഉത്തരവുപ്രകാരം വായ്പാ തട്ടിപ്പിനിരയായി ഭൂമി നഷ്ടപ്പെട്ടവർക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തി പുനരധിവാസം നടത്തുന്നകാര്യം പരിശോധിക്കുന്നതാണ്.

കൂടാതെ സർഫാസി ബാങ്ക് ജപ്തി വഞ്ചനയ്ക്കെതിരായ സമരസമിതിയുടെയും ബ്ലേഡ് ബാങ്ക് ജപ്തിവിരുദ്ധ സമിതിയുടെയും ഭാരവാഹികൾ സമർപ്പിച്ച നിവേദനത്തിലെ ആവശ്യങ്ങൾ അടുത്ത എസ്.എൽ.ബി.സി യോഗത്തിൽ അജണ്ടയായി ഉൾപ്പെടുത്തി ചർച്ച ചെയ്ത് നിയമാനുസൃതം സാധ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ഇത്തരം കേസ്സുകൾ സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജില്ലാ പോലീസ് മേധാവിക്ക് എറണാകുളം ജില്ലാ കളക്ടർ നിർദ്ദേശം കൊടുത്തിട്ടുണ്ട്. സർഫാസി ബാങ്ക് ജപ്തി നടപടികൾക്കെതിരെ സമരം നടത്തുന്നവരുടെ കൂട്ട ഹർജിയും ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly